# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2364 - 8/3/2017-ലെ മറുപടിക്ക്

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. പി. ഉബൈദുള്ള** | **ശ്രീ. ടി. എം. തോമസ് ഐസക്ക്**<br>**ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി** |

**കേന്ദ്ര നികുതി വിഹിതത്തിൽ വർദ്ധനവ്**

<table>
<tr><th>ചോദ്യം</th><th>മറുപടി</th></tr>
<tr><td>(എ)<br>കേന്ദ്ര ധനകാര്യ കമ്മീഷന്റെ ശിപാർശയനുസരിച്ച് സംസ്ഥാനത്തിന് അർഹതപ്പെട്ട കേന്ദ്ര നികുതി വിഹിതം, ഗ്രാന്റുകൾ, പ്ലാൻ ഗ്രാന്റ് തുടങ്ങിയവയിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; എങ്കിൽ ഓരോ ഇനത്തിലും ഉണ്ടായ വർദ്ധനവ് വ്യക്തമാക്കാമോ;</td>
<td>കേന്ദ്ര നികുതിവിഹിതത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. കേന്ദ്ര ധനകാര്യ കമ്മീഷന്റെ ശുപാർശയനുസരിച്ച് സംസ്ഥാനത്തിന് അർഹതപ്പെട്ട കേന്ദ്ര നികുതി വിഹിതം, ഗ്രാന്റുകൾ, പ്ലാൻ ഗ്രാന്റ് തുടങ്ങിയവയുടെ വിവരം താഴെച്ചേർക്കുന്നു.<br>(രൂപ കോടിയിൽ)
<table>
<tr><th>ഇനം</th><th>4/2015 മുതൽ 3/2016 വരെ</th><th>4/2016 മുതൽ 1/3/2017 വരെ</th><th>വർദ്ധനവ്</th></tr>
<tr><td>1. നികുതി വിഹിതം</td><td>12690.67</td><td>13085.22</td><td rowspan="6">സാമ്പത്തിക വർഷം പൂർത്തിയായാൽ മാത്രമേ യഥാർത്ഥ വർദ്ധനവ് കണക്കാക്കുവാൻ കഴിയുകയുള്ളൂ.</td></tr>
<tr><td>2. ഗ്രാന്റ്</td><td></td><td></td></tr>
<tr><td>(a) വരുമാനകമ്മി നികത്തുന്നതിനുള്ള ഗ്രാന്റ്</td><td>4640</td><td>3070.87</td></tr>
<tr><td>(b) ദുരന്തനിവാരണം</td><td>138.75</td><td>72.75</td></tr>
<tr><td>(c) തദ്ദേശ സ്വയം ഭരണ ഗ്രാന്റ്</td><td>785.42</td><td>687.48</td></tr>
<tr><td colspan="3"><u>3.പ്ലാൻ ഗ്രാന്റ്</u><br>അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം 2014-15-ൽ പ്ലാൻ ഗ്രാന്റ് 5523.89 കോടി രൂപയും 2015-16-ൽ 3743.98 കോടി രൂപയും ആണ്. 2016-17 സാമ്പത്തിക വർഷത്തെ കണക്ക് ലഭ്യമായിട്ടില്ല.</td></tr>
</table>
</td></tr>
<tr><td>(ബി)<br>നികുതി പിരിവ് മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;</td>
<td>നികുതി പിരിവ് മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വകുപ്പ് തിരിച്ച് താഴെ കൊടുത്തിരിക്കുന്നു:<br><u>I. വാണിജ്യനികുതി വകുപ്പ്:</u><br>നികുതി ചോർച്ച തടയുന്നതിന് കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്.<br><u>II. രജിസ്ട്രേഷൻ വകുപ്പ്:</u><br>രജിസ്ട്രേഷൻ വകുപ്പിൽ നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിനായി 1986 മുതൽ 2010 വരെയുള്ള അണ്ടർ വാല്യുവേഷൻ കേസുകളുടെ അദാലത്ത് നടത്തുവാൻ നിശ്ചയിച്ചു. വിലയാധാരങ്ങളുടേയും കുടുംബാധാരങ്ങളുടേയും നികുതി വർദ്ധിപ്പിച്ചു.</td></tr>
</table>

| | |
|---|---|
| | **<u>III.ലാന്റ് റവന്യൂ വകുപ്പ്:</u>**<br>ലാന്റ് റവന്യൂ വകുപ്പിൽ കെട്ടിട നികുതി, ആഡംബര നികുതി, സർക്കാർ കുടിശ്ശികയുള്ള റവന്യൂ റിക്കവറി എന്നീ ഇനങ്ങളിലെ പിരിവ് പുരോഗതി വിലയിരുത്തുന്നതിനും, നിർദ്ദേശങ്ങൾ നൽകുന്നതിനും താലൂക്ക് അടിസ്ഥാനത്തിൽ ഡെപ്യൂട്ടി കളക്ടർമാർക്ക് ചാർജ്ജ് നൽകുന്നതിനും ഉദ്യോഗസ്ഥരുടെ റിപ്പോർട്ട് വാങ്ങി പരിശോധിച്ച് വീഴ്ച വരുത്തിയ താലൂക്ക് തഹസിൽദാർ, വില്ലേജ് ഓഫീസർമാർ, റവന്യൂ റിക്കവറി തഹസിൽദാർ എന്നിവരുടെ പേരിൽ നടപടികൾ സ്വീകരിക്കുന്നതിനും ജില്ലകളിൽ നടത്തുന്ന അവലോകന യോഗങ്ങളിൽ, മേൽ വിഷയങ്ങൾ സംബന്ധിച്ച സ്ഥിതി വിവരക്കണക്കുകൾ കൂടി ഉൾപ്പെടുത്തുന്നതിനും സ്റ്റേ നീക്കം ചെയ്യുന്ന വിഷയത്തിൽ ലോ ഓഫീസറുടെ സേവനം കൂടി ലഭ്യമാക്കി തുടർ നടപടികൾ സ്വീകരിക്കുന്നതിനും ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ലാന്റ് റവന്യൂ ഇനങ്ങളായ കെട്ടിട നികുതി, ആഡംബര നികുതി എന്നീ ഇനങ്ങളിൽ അധിക വിഭവ സമാഹരണം നടത്തുന്നതിനായി 01-08-2016 മുതൽ താലൂക്ക്-ജില്ലാ തലത്തിൽ ഒരു സ്പെഷ്യൽ ഡ്രൈവ് ആരംഭിച്ചിട്ടുണ്ട്.<br>**<u>IV.എക്സൈസ് വകുപ്പ്:</u>**<br>എക്സൈസ് വകുപ്പിൽ നികുതി ചോർച്ച ഒഴിവാക്കുന്നതിന്റെ ഭാഗമായി അനധികൃത മദ്യത്തിന്റെ ഉത്പാദനം, വിതരണം, വിപണനം ഇവ തടയുന്നതിനായി ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. കൂടാതെ അന്യ സംസ്ഥാനങ്ങളിൽ നിന്നും വ്യാജ മദ്യങ്ങൾ സംസ്ഥാനത്തേയ്ക്ക് കടത്തിക്കൊണ്ടുവരുന്നത് തടയുന്നതിനായി എക്സൈസ് ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനവും അതിർത്തി പ്രദേശങ്ങളിൽ ബോർഡർ പട്രോളിംഗ് യൂണിറ്റുകളുടെ പ്രവർത്തനവും ശക്തിപ്പെടുത്തിയിട്ടുണ്ട്.<br>**<u>V.മോട്ടോർ വാഹനവകുപ്പ്:</u>**<br>മോട്ടോർ വാഹന വകുപ്പിൽ റവന്യൂ റിക്കവറി, നികുതി അടയ്ക്കാതെ റോഡിൽ ഉപയോഗിക്കുന്ന വാഹനങ്ങൾ പിടിച്ചെടുക്കൽ തുടങ്ങിയ നടപടികൾ ചെയ്തുവരുന്നുണ്ട്. കൂടാതെ അധിക വിഭവ സമാഹരണം ലക്ഷ്യമിട്ട് എൻഫോഴ്സ്മെന്റ് ഊർജ്ജിതപ്പെടുത്തുന്നതിനുള്ള നിർദ്ദേശം എല്ലാ ഓഫീസുകൾക്കും നൽകിയിട്ടുണ്ട്. |
| (സി)<br>ലോട്ടറി, വാഹന നികുതി എന്നിവ ഒഴിച്ചുള്ള നികുതികളുടെ പിരിവ് ഊർജ്ജിതമാകാത്തതിന്റെ കാരണം വിശദമാക്കാമോ; | നികുതി പിരിവ് ഊർജ്ജിതമാകാത്തതായി കരുതുന്നില്ല. 2006-2011 കാലത്തെ അപേക്ഷിച്ച് 2011-2016 കാലത്ത് വാണിജ്യനികുതി വരുമാന വളർച്ചാനിരക്ക് താഴ്ന്നിരുന്നു. ഈ പ്രവണതയ്ക്ക് അറുതി വരുത്തി വളർച്ചാനിരക്ക് വർദ്ധിപ്പിക്കുക എന്ന ലക്ഷ്യമാണ് ഈ സർക്കാർ മുന്നോട്ട് വച്ചത്. വാണിജ്യനികുതി വരുമാന വളർച്ചാനിരക്കിൽ വർദ്ധനവ് പ്രകടമാകുകയും |

| | |
|---|---|
| | ചെയ്യു.എന്നാൽ ഡീ-മോണിറ്റൈസേഷൻ, വർദ്ധനയുടെ ഈ പ്രവണതയെ താത്ക്കാലികമായെങ്കിലും തടഞ്ഞുവെന്നതാണ് പ്രശ്നം. |
| (ഡി) വ്യാപാരികൾ നൽകുന്ന കണക്കുകളുടെ പരിശോധനയും ചെക്ക് പോസ്റ്റുകളിലെ പരിശോധനയും കർശനമാക്കിക്കൊണ്ടും ഇ-ഗവേണൻസ് വഴിയും നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിൽ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | 1.കാര്യക്ഷമത ഉയർത്തുന്നതിനായി കൂടുതൽ ശേഷിയുള്ള സർവർ സ്ഥാപിക്കുകയും സിസ്റ്റം സ്കൂട്ടിനി സാധ്യമാകുന്ന സോഫ്റ്റ് വെയർ ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യും.<br>2.ഉപഭോക്താക്കൾ ബില്ല് ചോദിച്ച് വാങ്ങുന്നതിനെ പ്രോത്സാഹിപ്പിക്കുന്ന നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു. അതുപോലെ തന്നെ കമ്പ്യൂട്ടർ ബില്ലിംഗ് ഉള്ള വ്യാപാരികൾ അവരുടെ ബില്ലുകൾ തത്സമയം തന്നെ അപ് ലോഡ് ചെയ്യുന്നു എന്ന് ഉറപ്പ് വരുത്തുന്നതിനായി നിയമ നിർമ്മാണം നടത്താനും ഉദ്ദേശിക്കുന്നു.<br>3. കൂടുതൽ വ്യാപാരികളെ നികുതി വലയത്തിൽ കൊണ്ടു വരുന്നതിനുള്ള നടപടികൾ സ്വീകരിക്കും.<br>4. അപ്പീൽ കേസുകളും കോടതി കേസുകളും എത്രയും വേഗം തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കും.<br>5. റിട്ടേൺ സ്കൂട്ടിനി, കടിശ്ശിക അസസ്സ്മെന്റ് എന്നിവ കാര്യക്ഷമമാക്കും.<br>6. റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തും.<br>7. നികുതി ചോർച്ച തടയുന്നതിന് കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**